മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

18.05.2018 ഉച്ച കഴിഞ്ഞ് 3.00 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണവും വികസനവും III – സെക്ഷൻ**

**നം. 4194/പിഡി-3/1/2018/ ഭരണവിഭാഗം** **തീയതി. പി.ഡി.ഹിൽസ്: 24.05.2018**

---

പരാമർശം: 18.05.2018 ഉച്ച കഴിഞ്ഞ് 3.00 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച നടപടിക്കുറിപ്പുകൾ

## ഉത്തരവ്

പരാമർശം പ്രകാരം റൂസ പദ്ധതി അവലോകന സമിതിയുടെ യോഗം ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 18.05.2018 ഉച്ച കഴിഞ്ഞ് 3.00 മണിക്ക് ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

- റൂസാ പദ്ധതിയിൽ ഉൾപ്പെടുത്തി ₹ 3,33,40,000/-(മൂന്നുകോടി മുപ്പത്തിമൂന്നുലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) രൂപ അടങ്കൽ തുകയായി സർവകലാശാലയിൽ നിർമ്മിക്കുന്ന സ്റ്റുഡൻറ് അമിനിറ്റീസ് ആൻഡ് ഇൻകുബേഷൻ സെന്റർ കെട്ടിടത്തിന്റെ നിർമ്മാണത്തിന് സർക്കാർ അക്രിഡിറ്റഡ് ഏജൻസിയായ M/S KERALA ELECTRICALS LIMITED (KEL), KOCHI എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിനും പദ്ധതി നടത്തിപ്പിനായി പ്രസ്തുത സ്ഥാപനവുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയുടെ 40 % തുകയായ ₹ 1,33,36,000/-( ഒരുകോടി മുപ്പത്തിമൂന്നു ലക്ഷത്തി മുപ്പത്തിആറായിരം രൂപ മാത്രം) മുൻകൂറായി നൽകുന്നതിനും ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു . ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ കൈക്കൊള്ളുന്നതിന് സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുവാനും തീരുമാനിച്ചു.
- റൂസാ പദ്ധതിയിലുൾപ്പെടുത്തി സർവ്വകലാശാലയിൽ നടപ്പാക്കുന്ന ക്യാമ്പസ് വൈഫൈ ,ഇ – ക്ലാസ്സ്റൂം പദ്ധതിയുടെ പ്രവർത്തന പുരോഗതിയും പദ്ധതി പൂർത്തീകരിച്ച് കൈമാറുന്നതിനുള്ള ഷെഡ്യൂൾ സംബന്ധിച്ചും M/S കെൽട്രോൺ പ്രതിനിധിയുമായി 24 .05 .2018 ,2 .45 P .M ന് ചർച്ച നടത്തുന്നതിന് തീരുമാനിച്ചു. പ്രസ്തുത വിവരം M/S കെൽട്രോണിനെ അറിയിക്കുന്നതിനായി പി &ഡി –3 സെക്ഷനെ ചുമതലപ്പെടുത്തി.
- ഗേൾസ് ഹോസ്റ്റൽ കിച്ചൺ നവീകരണം പൂർത്തിയാക്കിയതായും ബോയ്സ് ഹോസ്റ്റൽ കിച്ചണിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ജൂൺ 30 ന് മുൻപ് പദ്ധതി പൂർത്തിയാക്കുമെന്ന് സർവകലാശാല എഞ്ചിനീയർ അറിയിച്ചത് യോഗം അംഗീകരിച്ചു .
- സർവകലാശാലയിലെ വിവിധ കെട്ടിടങ്ങളുടെ പെയിന്റിംഗ് ,നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായതായും അളവുകൾ എടുക്കുന്ന പ്രവൃത്തി എഞ്ചിനീയറിങ് യൂണിറ്റ് പൂർത്തിയാക്കിയതായും സർവകലാശാല എഞ്ചിനീയർ അറിയിച്ചു .പ്രസ്തുത പ്രവൃത്തിയുമായി

ബന്ധപ്പെട്ട് കോൺട്രാക്റ്റർക്ക് നൽകുവാനുള്ള ബാക്കി തുക 30 .05 .2018 ന് മുൻപ് നൽകേണ്ടതാണെന്ന് സർവകലാശാല എഞ്ചിനീയർക്ക് നിർദ്ദേശം നൽകി .

- സോളാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻസ്റ്റലേഷൻ ജോലികൾ പൂർത്തിയായതായും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഓഫീസിൽ നിന്നുമുള്ള പരിശോധനയ്ക്കായുള്ള അപേക്ഷ ഡ്രോയിങ് സഹിതം M/S WAPCOS സമർപ്പിച്ചു കഴിഞ്ഞതായും സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു .ഇതിന്റെ അടിസ്ഥാനത്തിൽ ജൂൺ ആദ്യ വാരം പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട വൈദ്യുത വകുപ്പ് മന്ത്രിയെക്കൊണ്ട് നിർവഹിപ്പിക്കാം എന്നും അതിനു മുന്നോടിയായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുമുള്ള പരിശോധന പൂർത്തിയാക്കുന്നതിലേക്കും ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നും ഗ്രിഡ് കണക്റ്റിവിറ്റിക്കായുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും യഥാക്രമം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ,കെ .എസ് .ഇ.ബി ചീഫ് എഞ്ചിനീയർ എന്നിവർക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു .
- ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സിൽ നിന്നും പദ്ധതി പൂർത്തിയാക്കി ധന വിനിയോഗം ക്രമപ്പെടുത്തുന്നതിനായുള്ള ബില്ലുകളും വൗച്ചറുകളും സമർപ്പിച്ചതായി പി&ഡി 3 സെക്ഷൻ റിപ്പോർട്ട് ചെയ്തു .മറ്റ് മൂന്ന് വകുപ്പുകളും പദ്ധതി ചെലവ് കഴിച്ചുള്ള ബാക്കി തുക റൂസാ അകൗണ്ടിലേക്ക് തിരികെ അടച്ച് മെയ് 30 ന് മുൻപ് ബില്ലുകളും വൗച്ചറുകളും പി&ഡി 3 സെക്ഷനിലേക്ക് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.
- സി-ടെക്സിനും ഇ-ഗവേണൻസിനുമായി M/S ITI Ltd മുഖേന സപ്ലൈ ചെയ്ത് വിന്യസിച്ച കംപ്യൂട്ടറുകളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് അടിയന്തിര പരിഗണന നൽകി ഒരാഴ്ചക്കുള്ളിൽ സാക്ഷ്യപ്പെടുത്തി നൽകുന്നതിന് സിസ്റ്റം മാനേജർ (i /c)ന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു .റൂസാ നിബന്ധന പ്രകാരം മെയ് 30 ന് മുൻപ് പദ്ധതിയുടെ ഫണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതിനാൽ ഈക്കാര്യത്തിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുവാനും തീരുമാനിച്ചു.

യോഗം കൈക്കൊണ്ട തീരുമാനങ്ങൾ ബഹു.വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
തുളസീലാൽ ആർ .എൻ
ഡെപ്യൂട്ടി രജിസ്ട്രാർ (പി&ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
3. ഡോ. കെ.ഷെറഫുദീൻ, സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി കൺവീനർ, ഫിനാൻസ്.
4. ഡോ. കെ. കൃഷ്ണദാസ്, സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി കൺവീനർ, ആസൂത്രണവും വികസനവും
5. ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
6. സർവകലാശാല എഞ്ചിനീയർ
7. ഫിനാൻസ് I,IV/ഓഡിറ്റ് I,V, ഐ.ക്യു.എ.സി.
8. എ.സി.സി. സെക്ഷൻ/എ.ഡി.ഡി. സെക്ഷൻ
9. ജോയിന്റ് ഡയറക്ടർ, എൽ.എഫ്.എ/അക്കൗണ്ട്സ് V
10. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
11. സി.എം.സ്
12. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി & ഡി- 3/2/1440/2017/ഭരണവിഭാഗം**